I/6172108/2024

**<u>മീറ്റിങ്- 9.05.2024</u>**

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

150 YEARS OF CELEBRATING THE MAHATMA

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ 14) വകുപ്പ്

നമ്പർ.എ.ആർ 14-1/6/2022/ഉഭപവ | 24-04-2024,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ സർവ്വീസ് സംഘടനകൾക്കും

സർ,

വിഷയം:- ഉഭപവ - കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ നിശ്ചിത കാലയളവിലേയ്ക്ക് ആ ജില്ലകളിൽ ജോലി ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നത്- സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- 24.01.24, 01.02.24, 17.02.24 എന്നീ തീയതികളിലെ ഇതേ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം ചീഫ് സെക്രട്ടറി സർവ്വീസ് സംഘടനകളുമായി 27.02.2024 ഉച്ചയ്ക്ക് 3.30 മണിയ്ക്ക് നടത്താനിരുന്ന യോഗം **<u>9.05.2024 ഉച്ചയ്ക്ക് 3.30 മണിയ്ക്ക് തിരുവനന്തപുരം തൈക്കാട് ഗസ്റ്റ് ഹൗസിലെ ബാങ്കെറ്റ് ഹാളി</u>**ൽ വച്ച് നടത്താൻ തീരുമാനിച്ചിട്ടുള്ള വിവരം അറിയിക്കുന്നു. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള അജണ്ടയിന്മേലുള്ള അഭിപ്രായങ്ങൾ / നിർദേശങ്ങൾ അടക്കം താങ്കളുടെ സംഘടനയിൽ നിന്നും സെക്രട്ടറി/പ്രസിഡന്റ് (ഒരാൾ മാത്രം) പ്രസ്തുത ചർച്ചയിൽ പങ്കെടുക്കണമെന്ന് താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,<br>
സിനി സാബു<br>
ജോയിന്റ് സെക്രട്ടറി<br>
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ<br>
Signed by<br>
Aravind.c.m.<br>
Date: 24-04-2024 16:07:38<br>
സെക്ഷൻ ഓഫീസർ

പകർപ്പ്: 1. ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ ഒ.എസ്.ഡി യ്ക്ക്.<br>
2. P&ARD അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്.<br>
3. I&PRD (വെബ്& ന്യൂ മീഡിയ)

ഉള്ളടക്കം- അജണ്ട

| ക്രമ നം. | അജണ്ട |
|---|---|
| 1 | ഡെപ്യൂട്ടേഷൻ മുഖേന അല്ലാതെ സംസ്ഥാന തലത്തിൽ സ്ഥലം മാറ്റപ്പെടാവുന്ന ഫീൽഡ് വകുപ്പുകൾക്കും ജീവനക്കാർക്കും മാത്രം ഈ നിബന്ധനകൾ ബാധകമാക്കിയാൽ മതിയാകും. IAS, KAS, സെക്രട്ടേറിയറ്റ് സർവ്വീസ് എന്നിവയെ ഒഴിവാക്കാവുന്നതാണ്. |
| 2 | കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിലേക്ക് ഉള്ള സ്ഥലംമാറ്റം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നിർബന്ധിതസേവന കാലയളവിൽ ആർജ്ജിക്കാവുന്ന ആർജ്ജിത അവധികളുടെ എണ്ണം 11/1 എന്നതിന് പകരം 8/1 എന്നാക്കി മാറ്റാവുന്നതാണ്.<br><br>a) നിർബന്ധിത സേവന കാലയളവിൽ നിശ്ചിത ദിവസങ്ങളിൽ അധികം (ഉദാ: 30 ദിവസം) (മെഡിക്കൽ സാഹചര്യങ്ങൾ ഒഴികെ) അവധി എടുക്കുന്നവർക്ക് ഈ ആനുകൂല്യം ലഭിക്കാൻ അർഹത ഉണ്ടാകണമെങ്കിൽ, ഇങ്ങനെ നീണ്ട അവധികൾ എടുത്ത കാലയളവ് കൂടി ആ ജില്ലകളിൽ അധികമായി തുടരണം.<br><br>b) ഇങ്ങനെ നിർബന്ധിത സേവന കാലയളവിൽ അധികം തുടരേണ്ടി വരുന്നവർക്ക് പൊതു സ്ഥലം മാറ്റത്തിന്റെ ഭാഗമായല്ലാതെ സ്ഥലം മാറ്റം നൽകാവുന്നതുമാണ്. |
| 3 | നിർബന്ധിത സേവനത്തിനായി നിയമിക്കപ്പെടുന്ന എല്ലാ ജീവനക്കാർക്കും അതേ തുടർന്ന് ഉണ്ടാകുന്ന സ്ഥലംമാറ്റങ്ങളിൽ അവർ ആവശ്യപ്പെടുന്ന ജില്ലകളിലേക്ക് പ്രഥമ മുൻഗണന നൽകാവുന്നതാണ്. |
| 4 | മറ്റ് നിർദ്ദേശങ്ങളും സമർപ്പിക്കാവുന്നതാണ്. |